ഉത്തരം

(എ) 23 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലാൻഡ് ട്രിബ്യൂണലുകളിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി തീർപ്പ് കൽപ്പിക്കപ്പെടാതെ കിടക്കുന്ന കേസുകൾ

39 [1605] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ലാൻഡ് ട്രിബ്യൂണലുകളിലായി പട്ടയം ലഭിക്കുന്നതിനുവേണ്ടി തീർപ്പു കൽപ്പിക്കപ്പെടാതെ കിടക്കുന്ന കേസുകളെത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ കഴിഞ്ഞ അഞ്ചുവർഷത്തിനു മുമ്പുള്ള കേസുകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ലീഗൽ അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേടുകൾ

40 [1607] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണറെ എന്നുമുതലാണ് സർക്കാർ ചുമതലപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കമ്മീഷണർ ഇതിനായി എത്ര പരീക്ഷ നടത്തിയിട്ടുണ്ട്; എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ വ്യത്യാസം വരുത്തിയാണോ മെറിറ്റ് ലിസ്റ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഡിപ്പാർട്ട്മെന്റ് അണ്ടർ ഗവൺമെന്റ് വിഭാഗത്തിലെ 73-ാം റാങ്കിന് പിന്നിലുള്ളവരെ സെക്രട്ടേറിയറ്റ് ലിസ്റ്റിലെ 8 മുതൽ 11 വരെയുള്ള റാങ്കുകാരായി മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിന്റെ നിയമപരമായ സാധ്യത സർക്കാർ പരിശോധിക്കുമോ; മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഇവരെ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള ഇപ്പോഴത്തെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) നിയമവകുപ്പ് സെക്രട്ടറിയുടെ 15-12-1992-ലെ 15767/11 (2)/92/ലാ നമ്പർ കത്ത് പ്രകാരം ഡിപ്പാർട്ട്മെന്റൽ കാറ്റഗറിയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണറെ അറിയിച്ചിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർക്ക് നൽകിയ പ്രസ്തുത കത്തിൽ ആവശ്യപ്പെട്ട പ്രകാരം ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ ലിസ്റ്റിൽ എത്ര പേരുണ്ട്; ലിസ്റ്റിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഐ) നിയമ വകുപ്പിന്റെ 15762/അഡ്മി./11(2)/92/ലാ ഡേറ്റഡ് 15-12-1992-ലെ കത്തിൽ ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ട് 6-10-1995-ലെ അതേ നമ്പർ കത്തിൽ രണ്ടു വിഭാഗങ്ങളുള്ള മെരിറ്റ് ലിസ്റ്റുകൾ നോട്ടിഫൈ ചെയ്യാൻ കാരണമെന്താണ്; ഈ ലിസ്റ്റിന്റെ നിയമപരമായ സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ?

ഉത്തരം

(എ) നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കാനാവശ്യമായ പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കാൻ എൻട്രൻസ് എക്സാമിനേഷൻ കമ്മീഷനെ 1989 മുതൽക്കാണ് ചുമതലപ്പെടുത്തി തുടങ്ങിയത്.

(ബി) പ്രസ്തുത കമ്മീഷൻ ഇക്കാര്യത്തിനു 2 പരീക്ഷകൾ (1989, 1995 വർഷങ്ങളിൽ) നടത്തിയിട്ടുണ്ട്. 1989-ൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ പരീക്ഷയിൽ പങ്കെടുത്ത എല്ലാവരുടേയും പേർ ഉൾപ്പെടുത്തിയ ഒരു ലിസ്റ്റ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. എന്നാൽ 1995-ൽ കമ്മീഷൻ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചത്.

(സി) എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി അയച്ചുതന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഗവൺമെന്റ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചത്.

(ഡി) ഡിപ്പാർട്ട്മെന്റ് അണ്ടർ ഗവൺമെന്റ് വിഭാഗത്തിലെ 73-ാം റാങ്കിനു പിന്നിലുള്ള ആരെയും സെക്രട്ടേറിയറ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) 1967-ലെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് ചട്ടങ്ങൾ പ്രകാരം നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് നിയമനത്തിൽ 50 ശതമാനം ഒഴിവുകളാണ്, സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽനിന്നും മറ്റ് ഗവൺമെന്റ് വകുപ്പുകളിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

(ഹൈക്കോടതി ഉൾപ്പെടെ) നിയമിക്കേണ്ടതു്. ഇപ്രകാരം നിയമിക്കേണ്ട ഒഴിവുകളിൽ 60 ശതമാനം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽനിന്നും 40 ശതമാനം മറ്റു ഗവൺമെന്റ് വകുപ്പുകളിൽ നിന്നും വേണമെന്നാണു് പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കുന്നതു്. അതുകൊണ്ടു് പരീക്ഷാ കമ്മീഷണർ അയച്ചുതന്ന ലിസ്റ്റിലും ഗവൺമെന്റ് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിലും ടി രണ്ടു വിഭാഗങ്ങളേയും രണ്ടായിട്ടുതന്നെയാണു് കാണിച്ചിരിക്കുന്നതു്. ഇപ്രകാരം, റാങ്ക് ലിസ്റ്റിൽ രണ്ടു് വിഭാഗങ്ങളേയും രണ്ടായിട്ടു കാണിക്കുന്നതിൽ നിയമപരമായി ഒരു തെറ്റുമില്ല.

(എഫ്) നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളിൽ 50 ശതമാനം പബ്ലിക് സർവീസ് കമ്മീഷൻ വഴി നേരിട്ടും ബാക്കി 50 ശതമാനം സെക്രട്ടേറിയറ്റ്, മറ്റു ഗവൺമെന്റ് വകുപ്പുകളും (ഹൈക്കോടതി ഉൾപ്പെടെ) എന്നിവയിൽനിന്നും തസ്തികമാറ്റം മുഖേനയുമാണു് നിയമിക്കുന്നതു്. തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിൽ നിയമ വകുപ്പ് അപേക്ഷ ക്ഷണിക്കുകയും പരീക്ഷാ കൺട്രോളർ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ആ റാങ്ക് ലിസ്റ്റിൽനിന്നുമാണു് 50 ശതമാനം ഒഴിവുകളും നികത്തുന്നതു്.

(ജി) നിയമ വകുപ്പ് സെക്രട്ടറിയുടെ 15-12-1992-ലെ 15767/അഡ്മി./11 (2)/92/ലാ നമ്പർ കത്തു് പ്രകാരം, നിയമ വകുപ്പിൽ തസ്തിക മാറ്റം വഴി ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു് ഉദ്ദേശിക്കുന്നതായും യോഗ്യതയുള്ള വരുടെ അപേക്ഷകൾ വാങ്ങി നിയമ വകുപ്പിനു് അയച്ചുതരണമെന്നും പൊതുഭരണം, ഫൈനാൻസ് എന്നീ വകുപ്പ് സെക്രട്ടറിമാർക്കും മറ്റ് എല്ലാ വകുപ്പ് മേധാവികൾക്കും ഹൈക്കോടതി രജിസ്ട്രാർ, അഡ്വക്കേറ്റ് ജനറൽ, പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി, ലെജിസ്ലേച്ചർ സെക്രട്ടറി എന്നിവരേയും അറിയിച്ചിരുന്നു.

(എച്ച്) എൻട്രൻസ് പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കി നൽകണമെന്നു് പ്രസ്തുത കത്തുപ്രകാരം പരീക്ഷാ കമ്മീഷണറോടു് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ 9-3-1995-ലെ ജി. ഒ. (ആർ. റ്റി.) 264/95/നിയമം എന്ന സർക്കാർ ഉത്തരവു് പ്രകാരം ലീഗൽ അസിസ്റ്റന്റ് നിയമനത്തിനുള്ള എഴുത്തു പരീക്ഷ നടത്തുവാനും പരീക്ഷയുടെ റിസൾട്ട് കാറ്റഗറി തിരിച്ചു് ഗവൺമെന്റിൽ അറിയിക്കുവാനും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പരീക്ഷാ കമ്മീഷണർ ഗവൺമെന്റിനു് അയച്ചുതന്നിട്ടുണ്ടു്. ടി ലിസ്റ്റിൽ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് വിഭാഗത്തിൽ 11 പേരും ഗവൺമെന്റിന്റെ മറ്റു വകുപ്പുകൾ വിഭാഗത്തിൽ 100 പേരും ഉണ്ടു്. ലിസ്റ്റിന്റെ കോപ്പി വയ്ക്കുന്നു. †

(ഐ) അടുത്ത 3 വർഷങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒഴിവുകൾ കണക്കിലെടുത്തു് അതിന്റെ 3 ഇരട്ടി ആളുകളുടെ പേർ ചേർത്താണു് സർക്കാർ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതു്. 1967-ലെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ പ്രകാരം ലീഗൽ അസിസ്റ്റന്റിന്റെ 50 ശതമാനം ഒഴിവുകൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ്, ഗവൺമെന്റിന്റെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റിതര വകുപ്പുകൾ (ഹൈക്കോടതി ഉൾപ്പെടെ) എന്നീ വകുപ്പുകളിൽ നിന്നുമാണ് നികത്തേണ്ടത്. ഇതിൽ 60 ശതമാനം ഒഴിവുകൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽനിന്നും 40 ശതമാനം ഒഴിവുകൾ മറ്റു വകുപ്പുകളിൽനിന്നുമാണ് നികത്തുന്നത്. ഇക്കാരണം കൊണ്ടാണ് 6-10-1995-ൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഈ രണ്ടു വിഭാഗങ്ങളേയും രണ്ടായി കാണിച്ചിട്ടുള്ളത്. ഇതിൽ നിയമവിരുദ്ധമായി യാതൊന്നുമില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ പറയുന്ന റൊട്ടേഷൻ അനുസരിച്ചു മാത്രമേ നിയമനം നടത്തുകയുള്ളൂ.

പഞ്ചായത്ത് ഓഡിറ്റ്

41 [1610] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95 വർഷം വരെയുള്ള വാർഷിക കണക്കുകളും ഡി. സി. ബി. കണക്കുകളും എത്ര പഞ്ചായത്തുകളിൽ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്;

(ബി) കണക്കുകൾ യഥാസമയം ഓഡിറ്റിനു നൽകാത്ത പഞ്ചായത്തുകളുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 425 പഞ്ചായത്തുകൾ ഓഡിറ്റിനായി കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിനു സമർപ്പിച്ചിട്ടുണ്ട്. എത്ര പഞ്ചായത്തുകളിൽ ഓഡിറ്റ് പൂർത്തിയായി കഴിഞ്ഞിട്ടുണ്ട് എന്ന വിവരം ശേഖരിച്ചു വരുന്നു.

(ബി) കണക്കുകൾ ഓഡിറ്റിനു നൽകാത്ത പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 31-3-1996-നകം കണക്കുകൾ നൽകാത്ത പഞ്ചായത്തു സെക്രട്ടറിമാർക്കെതിരേ നിയമാനുസൃത അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.

മാളയിലെ യഹൂദ സ്മാരകങ്ങൾ സംരക്ഷിക്കുന്നതു സംബന്ധിച്ച കരാർ

42 [1611] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിൽനിന്ന് യഹൂദർ ഇസ്രയേലിലേക്ക് പോയ അവസരത്തിൽ സ്മാരകങ്ങളായ സിനഗോഗും ശ്മശാനവും സംരക്ഷിക്കുന്ന കാര്യത്തിൽ പഞ്ചായത്തധികൃതരുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) കരാർ ലംഘനം സംബന്ധിച്ച് ഹൈക്കോടതി നൽകിയ ഉത്തരവിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly